പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി

3 (4330) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പുമേധാവികൾക്ക് നിർദ്ദേശം നൽകിയിരുന്നോ ;എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇതിൻപ്രകാരം ഓരോ വകുപ്പും എത്ര ഒഴിവുകൾ റിപ്പോർട്ടു ചെയ്തു ; തസ്തികകളും വകുപ്പും തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകൾ ഏതെല്ലാമായിരുന്നു ; ഈ വകുപ്പുകളുടെ പേരിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ഡി) ഇപ്രകാരം റിപ്പോർട്ടു ചെയ്ത ഒഴിവുകളിൽ എത്ര പേർക്ക് പി.എസ്.സി. നിയമന ശിപാർശയും നിയമനവും നൽകി ?

ഉത്തരം

(എ) 2-4-2013-ലെ 5755/Adv.C3/2013/P&ARD നമ്പർ പരിപത്രം പ്രകാരം 2014 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ തസ്തിക തിരിച്ച് പി.എസ്.സി.-ക്ക് 2013 ജൂൺ ഒന്നിന് മുൻപ് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിരുന്നു.

(ബി) വകുപ്പുകൾ അറിയിച്ച പ്രകാരം ലഭ്യമായ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) മെഡിക്കൽ വിദ്യാഭ്യാസം, മോട്ടോർ വാഹനം, പൊതുവിദ്യാഭ്യാസം എന്നീ വകുപ്പുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്തതായി സർക്കാരിനെ അറിയിച്ചിരുന്നില്ല. ഈ വകുപ്പുകളോട് ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. ഇവരോട് വിശദീകരണം ആവശ്യപ്പെടാൻ അതാതു ഭരണ വകുപ്പുകളോടും ആവശ്യപ്പെട്ടിരുന്നു.

(ഡി) പ്രതീക്ഷിത ഒഴിവുകളിൽ പി.എസ്.സി. നിയമന ശിപാർശ നൽകാറില്ല. ഒഴിവുകൾ നിലവിൽ വരുമ്പോൾ മാത്രമേ നിയമന നടപടിക്രമങ്ങൾ ആരംഭിക്കുകയുള്ളൂ. 2014-ൽ പി.എസ്.സി. നൽകിയ നിയമന ശിപാർശകളുടെ എണ്ണം 28270 ആണ്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly